കണ്ണൂർ സർവ്വകലാശാല
(സ്റ്റുഡൻറ്സ് സർവീസസ് ഡയരക്ടറുടെ കാര്യാലയം)
താവക്കര, സിവിൽ സ്റ്റേഷൻ പി.ഒ, കണ്ണൂർ-670002.

**No: DSS/A1/134/Arts Grace Mark-2019-20** **Date: 17-02-2020**

## സർക്കുലർ

### ആർട്സ് ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1) ഗ്രേസ് മാർക്കിന് നിശ്ചിത ഫോർമാറ്റിൽ അപേക്ഷിക്കേണ്ടതാണ്. (ഫോർമാറ്റുകൾ ഉള്ളടക്കം ചെയ്യുന്നു)

2) ആർട്സ് ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ (ഫൈനൽ ഇയർ മാർച്ച് 2 വരെയും, ഫസ്റ്റ് & സെക്കൻറ് ഇയർ മാർച്ച് 13 വരെയും) സ്വീകരിക്കുന്നതായിരിക്കും. ഗ്രേസ് മാർക്കിനുള്ള ഉത്തരവുകൾ മാർച്ച് മാസത്തിൽ തന്നെ തയ്യാറാക്കേണ്ടതിനാൽ വൈകി ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അപേക്ഷകൾ ഡി.എസ്.എസ്. സെക്ഷനിൽ നേരിട്ട് എത്തിക്കേണ്ടതാണ്.

3) ഗ്രേസ് മാർക്ക് നൽകുന്നതിന് യൂണിവേഴ്സിറ്റിയിൽ നിലവിലുള്ള മാനദണ്ഡങ്ങൾ അവയുമായി ബന്ധപ്പെട്ട ഉത്തരവുകൾ എന്നിവ കണ്ണൂർ സർവ്വകലാശാല വെബ്ബ്സൈറ്റിൽ Director of Student Services എന്ന ലിങ്കിൽ ലഭ്യമാണ്.

4) ഒരു കോളേജിൽ വ്യത്യസ്ത കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളുടെ പേരുകൾ അവരുടെ കോഴ്സ് അടിസ്ഥാനത്തിൽ രജിസ്റ്റർ നമ്പർ ക്രമപ്രകാരം വരുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

5) ആർട്സ് ഗ്രേസ് മാർക്കിന് അപേക്ഷിക്കുന്നവർ അപേക്ഷയോടൊപ്പം വിദ്യാർത്ഥികളുടെ ഹാൾടിക്കറ്റ്, മെരിറ്റ് സർട്ടിഫിക്കറ്റ് എന്നിവയുടെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം, ഒന്ന്, രണ്ട്, മൂന്ന് വർഷത്തേക്കുള്ളവ പ്രത്യേകം പ്രത്യേകം തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഓരോ വർഷത്തേയ്ക്കും പ്രത്യേകം പ്രോഫോർമയും, കവറിംഗ് ലെറ്ററും സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ഡയരക്ടർ ഓഫ് സ്റ്റുഡൻറ് സർവീസസ്

സ്വീകർത്താവ്:

1. എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും
2. സർവ്വകലാശാല വകുപ്പ് മേധാവികൾക്കും
3. കമ്പ്യൂട്ടർ പ്രോഗ്രാമർക്കും (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ